# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:69 **11.03.2015 – ൽ മറുപടിക്ക്**

## വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടാൻ മുൻ കരുതൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. വി.എം.ഉമ്മൻ മാസ്റ്റർ<br>ശ്രീ.അബ്ദുറഹിമാൻ. രണ്ടത്താണി | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനം വരൾച്ചയുടെ പിടിയിലായിക്കൊണ്ടിരിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കഴിഞ്ഞ വർഷം കാലവർഷം ശരാശരിയിലേറെ ലഭിച്ചിട്ടും ഇത്തരമൊരു സ്ഥിതി വിശേഷം നേരിടേണ്ടി വരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. |
| (സി) സംസ്ഥാനത്ത് വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടാൻ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) വേനൽക്കാല ജലശോഷണം കണക്കിലെടുത്ത്, കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി താഴെ പറയുന്ന നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br>1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.<br>2. കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ.<br>3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ.<br>4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക. |

5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ്ലൈനുകൾ നീട്ടുക.
6. തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക.
7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് തിരിച്ചു വിടുകയും ചെയ്യുക.
8. ഇൻഫിൽട്രേഷൻ ഗാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും കുഴൽ കിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക.
9. വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിതസമയം കുടിവെള്ളം നൽകുക മുതലായവ.

സംസ്ഥാനത്ത് വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നതിന് ഹാൻഡ് പമ്പുകൾ റിപ്പയർ ചെയ്യുന്നതിനും പുതിയ കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനും നിലവി ലുള്ള പദ്ധതികൾ നവീകരിക്കുന്നതിനും ഭൂജലവകുപ്പ് ഉദ്ദേശിക്കുന്നു.

വരൾച്ച നേരിടുന്നതിനായി മണൽചാക്കിട്ടു വെള്ളം ഒഴുകിപോകാതെ താൽക്കാലിക തടയണ കെട്ടുക, കുളങ്ങൾ മുതലായവയുടെ പുനരുദ്ധാരണം നടത്തുക, കനാലുകളിൽ അടിഞ്ഞിട്ടുള്ള ചെളി നീക്കം ചെയ്യുക, കനാലുകൾ നവീകരിക്കുക, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുക, ഉപ്പ് വെള്ളം കയറുന്നത് തടയാൻ താൽക്കാലിക ബണ്ടുകൾ ഇടുക എന്നീ

ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതിയിൽ ഉൾപ്പെടുത്തി ചെക്ക്ഡാം നിർമ്മാണവുമാണ് ജലസേചന വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ